# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4248 — 27.06.2013 - ൽ മറുപടിക്ക്

## പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സ്കൂൾ നവീകരണം

**ചോദ്യം**

ശ്രീ. കെ.ശിവദാസൻ നായർ
ശ്രീ. വർക്കല കഹാർ
ശ്രീ. ഐ.സി.ബാലകൃഷ്ണൻ
ശ്രീ. പി.എ. മാധവൻ

**ഉത്തരം**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്തു പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ സ്കൂൾ നവീകരണവുമായി ബന്ധപ്പെട്ട റിപ്പോർട്ട് നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

**(എ) യും (ബി)യും (സി)യും (ഡി)യും**

ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി പാങ്ങപ്പാറ സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് പ്രിൻസിപ്പൽ ഡോ.എം.കെ.ജയരാജിനെ സ്പെഷ്യൽ ഓഫീസറായി സ.ഉ. (സാധാ)നം. 4970/2012/പൊ.വി.വ. തീയതി. 16.10.2012 പ്രകാരം നിയമിച്ചിരുന്നു. ഡോ.എം.കെ. ജയരാജ് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശുപാർശകളിൻമേൽ നടപടി സ്വീകരിച്ചു വരുന്നു. റിപ്പോർട്ടിൻമേൽ നടപടികൾ സ്വീകരിക്കുവാനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ, എസ്.സി.ഇ.ആർ.ടി., ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്നിവയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പ്രത്യേകം കരിക്കുലവും സിലബസും ഉണ്ടാക്കുക, അവർക്കുള്ള സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകളും യോഗ്യതകളും നിശ്ചയിക്കുക, ഈ വിഭാഗത്തിൽപ്പെടുന്ന

കുട്ടികളുടെ വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലന ത്തിനും ആരോഗ്യപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക, എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ.